പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

**ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും**
**(FOOD, CIVIL SUPPLIES AND CO-OPERATION)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2012-2013)**

**SECOND REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

**(FOOD, CIVIL SUPPLIES AND CO-OPERATION)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2012-2013)

SECOND REPORT ON THE SCRUTINY OF DEMANDS
FOR GRANTS

(2012-2013)

429/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി XI—ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും
## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണ വകുപ്പുമന്ത്രി

ശ്രീ. അടൂർ പ്രകാശ്,
റവന്യൂ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. കെ. കെ. നാരായണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 26-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതിയുടെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2012 മേയ് 8-ാം തീയതി ചേർന്ന സമിതിയുടെ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**അനൂപ് ജേക്കബ്,**

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,

2012 ജൂൺ 11.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

(ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം എന്നതിന്റെ 12,00,00,000 രൂപ ഉൾപ്പെടെ)

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 274,98,89,000 രൂപ |
| 2425-00-107-80 | — | പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്കുള്ള സഹായം |
| ബഡ്ജറ്റ് വിഹിതം | : | 4.8 കോടി രൂപ (പ്ലാൻ) |
| 4425-00-107-89 | — | പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം |
| ബഡ്ജറ്റ് വിഹിതം | : | 3.6 കോടി രൂപ (പ്ലാൻ) |
| 6425-00-107-72 | — | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം |
| ബഡ്ജറ്റ് വിഹിതം | : | 3.6 കോടി രൂപ (പ്ലാൻ) |

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം വിവിധ വിഭാഗങ്ങളിലുള്ള വായ്പക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള പരിധി ഉയർത്തുന്നതിനും വായ്പയുടെ പിഴപ്പലിശ ഒഴിവാക്കുന്നതിനും സഹകരണസംഘങ്ങൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 2012–2013 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 12.00 കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളിലായി ധനസഹായം നൽകുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 8.00 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമിനത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും 2012–2013 വർഷത്തിൽ അത് ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത പദ്ധതികൂടി 2012–2013 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി 2012–2013 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-49—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

ബഡ്ജറ്റ് വിഹിതം : 22 ലക്ഷം രൂപ (പ്ലാൻ)

4425-00-108-45—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

ബഡ്ജറ്റ് വിഹിതം : 93 ലക്ഷം രൂപ (പ്ലാൻ)

6425-00-108-22—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

4. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമുള്ള ധനസഹായമായി 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നന്മ പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണന കേന്ദ്രങ്ങൾ, കൂടുതൽ ത്രിവേണി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയും കൺസ്യൂമർ ഫെഡിന്റെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയും ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2.00 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-67—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ (പ്ലാൻ)

4425-00-108-68—മറ്റു വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 3.3 കോടി രൂപ (പ്ലാൻ)

6425-00-108-11—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 2.2 കോടി രൂപ (പ്ലാൻ)

5. വിദ്യാഭ്യാസം, സാഹിത്യം, തൊഴിൽ, ചികിത്സ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹായം നൽകുന്നതിനും ദുർബലമായ മാർക്കറ്റിംഗ്, വനിതാ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള 11.00 കോടി രൂപ അപര്യാപ്തമായതിനാൽ 8.30 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-60—വൻതോതിലുള്ള വാണിജ്യപദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

4425-00-108-50—വൻതോതിലുള്ള വാണിജ്യപദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

6425-00-108-28—വൻതോതിലുള്ള വാണിജ്യപ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

6. പ്രായോഗികമായ വാണിജ്യപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുവാൻ ഉദ്ദേശിച്ച് വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപ മതിയാകുകയില്ലയെന്നതിനാൽ 3.50 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-47—പ്രൊഫഷണൽ എഡ്യുക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

7. CAPE-ന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും വടക്കാഞ്ചേരിയിലെ അത്താണിയിലും ഓരോ പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.00 കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പദ്ധതിയേതരയിനം

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി

ബഡ്ജറ്റ് വിഹിതം : ഇല്ല

8. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നൽകുന്ന പലിശ ഇളവ് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കണമെന്നും ആ ശീർഷകത്തിൽ 10.00 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-47-36—പ്രൊഫഷണൽ എഡ്യുക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം

9. സഹകരണ അക്കാദമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് നൽകാനുള്ള 40.06 കോടി രൂപയിൽ 2012-2013 സാമ്പത്തിക വർഷത്തിൽ 2425-00-108-47-31 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അനുവദിച്ച 2.10 കോടി രൂപ കഴിച്ച് ബാക്കി 37.96 കോടി രൂപ 2425-00-108-47-36 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-80—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

10. ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സബ്സിഡി ഇനത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവ ചന്തകൾ സംഘടിപ്പിച്ച വകയിൽ 208.00 കോടി രൂപ ഫെഡറേഷന് ഇനിയും നൽകാനുള്ളതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ലീഗൽ മെട്രോളജി വകുപ്പ്

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475—മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 39,41,87,000 രൂപ

3475-00-106-99-04—യാത്രാചെലവുകൾ

ബഡ്ജറ്റ് വിഹിതം : 29.21 ലക്ഷം രൂപ (നോൺ പ്ലാൻ)

11. വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവിധതരത്തിലുള്ള യാത്രാബത്തകൾ നൽകുന്നതിനായി അനുവദിച്ചിട്ടുള്ള 29.21 ലക്ഷം രൂപയ്ക്കുപുറമേ ജീവനക്കാരെ പരിശീലനത്തിനായി അയയ്ക്കുന്നതിനായി യാത്രാചെലവിനത്തിൽ 5.00 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-106-99-21(1)—വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

12. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മിന്നൽപരിശോധനകൾക്കായി പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കേണ്ട അവസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം മെച്ചപ്പെടുത്തി സർക്കാരിലേക്കുള്ള വരുമാനം ഉയർത്തുന്നതിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി അനുവദിച്ചിട്ടുള്ള ടോക്കൺ പ്രൊവിഷനായ 1000 രൂപയ്ക്കു പുറമേ 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

വോട്ട് ചെയ്തത് : 684,61,08,000 രൂപ

2408-01-101-98—റേഷൻ അരിയുടേയും ഗോതമ്പിന്റേയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ

ബഡ്ജറ്റ് വിഹിതം : 550 കോടി രൂപ (നോൺ പ്ലാൻ)

13. സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് വഹിക്കുന്നതിനാണ് 55000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ റേഷൻ കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതികൾക്കും റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും മറ്റുമുള്ള ചെലവുകൾക്ക് കൂടുതൽ തുക ആവശ്യമാണെന്നതിനാൽ 231.91 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-190-96—കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 50 കോടി രൂപ (നോൺ പ്ലാൻ)

14. കമ്പോള ഇടപെടൽ നടത്തി അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് വിതരണം നടത്തുമ്പോൾ കേരള സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തികവർഷത്തിൽ കമ്പോള ഇടപെടൽ പദ്ധതി നടപ്പിലാക്കിയതിന് കോർപ്പറേഷന് ലഭിക്കാനുള്ള തുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുള്ള പരിപാടികളുടെ ചെലവും കണക്കിലെടുക്കുമ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 342 കോടി രൂപ കൂടി വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-94—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (നോൺ പ്ലാൻ)

15. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്ന അന്ത്യോദയ അന്നയോജന പദ്ധതിയുടെ ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് തികയുകയില്ല എന്നതിനാൽ 12.51 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4408-01-101-99—ധാന്യ വിതരണ പദ്ധതി

ബഡ്ജറ്റ് വിഹിതം : 32.6003 കോടി രൂപ (നോൺ പ്ലാൻ)

16. സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാപ്പടി, മറ്റ് ഓഫീസ്

ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും താലൂക്ക് സപ്ലൈ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾക്ക് എ.എം.സി. ഏർപ്പെടുത്തിയ വകയിൽ കുടിശ്ശിക നൽകാനുള്ളതിനാൽ അതിനായി 14 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (നോൺ പ്ലാൻ)

17. റേഷൻ കാർഡ് പുതുക്കി നൽകിയതിന് സി-ഡിറ്റിന് കുടിശ്ശിക നൽകാനുണ്ടെന്നും പുതുക്കിയ കാർഡ് വിതരണം ചെയ്യുന്ന വകയിൽ ഏകദേശം 2.5 കോടി രൂപ ഇനിയും നൽകേണ്ടതായിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്കുപുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-95—വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷ പദ്ധതി

ബഡ്ജറ്റ് വിഹിതം: 334 ലക്ഷം രൂപ (പ്ലാൻ)

18. മറ്റു പെൻഷൻ കിട്ടാത്ത, 65 വയസ്സിനുമേൽ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മറ്റു പെൻഷൻ ഉണ്ടാകരുത് എന്ന വ്യവസ്ഥ കാരണം അർഹരായ പലർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണ്. ആയതിനാൽ മറ്റു പെൻഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് ഈ പദ്ധതിക്ക് അർഹത എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരിനോട് സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

19. കേരള സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന്റെകീഴിൽ ആരംഭിച്ചിട്ടുള്ള ഭക്ഷ്യഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമാണ് ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യസംസ്കരണ പരിശീലന കേന്ദ്രം, തദ്ദേശ ഭക്ഷ്യ സാങ്കേതിക കോളേജ്, മെഗാ ഫുഡ് പാർക്ക് എന്നിവ. ഇവയിൽ ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ 290 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കെട്ടിട നിർമ്മാണത്തിനും മറ്റു ചെലവുകൾക്കുമായി ആവശ്യമായിവരുന്ന 117 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. സി. എഫ്. ആർ. ഡി.യുടെ കീഴിലുള്ള മെഗാ ഫുഡ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കണക്കാക്കിയിട്ടുള്ള 184 ലക്ഷം രൂപയിൽ 150 ലക്ഷം രൂപ 2012-2013 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ വേണ്ടിവരുന്ന 34 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പുതിയ പദ്ധതികൾ

21. പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യേണ്ട ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയിലേക്ക് കടത്തിക്കൊണ്ട് പോകുന്നതും ദുരുപയോഗം ചെയ്യുന്നതും തടയുന്നതിനായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുദ്ദേശിച്ചുള്ള പുതിയ പദ്ധതിക്ക് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്ന 4 കോടി രൂപയിൽ 1 കോടി രൂപ അനുവദിക്കുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്. ബാക്കി തുകയായ 3 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. റേഷൻ സാധനങ്ങളുടെ തിരിമറി തടയുന്നതിനും റേഷൻ യഥാർത്ഥ കാർഡുടമയ്ക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുമായി ബയോമെട്രിക്ക് ഇ-പി.ഡി.എസ്., സ്മാർട്ട് കാർഡ് തുടങ്ങിയവവഴി സംയോജിത പൊതുവിതരണ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിന് വകുപ്പിൽ 'എൻഡ് റ്റു എൻഡ്' കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കേണ്ടതുണ്ട്. രണ്ടു ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 2012-2013 സാമ്പത്തിക വർഷം ആവശ്യമായിവരുന്ന 93.60 കോടി രൂപ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹൈപ്പർ മാർക്കറ്റുകൾ, മൊബൈൽ മാവേലിസ്റ്റോറുകൾ തുടങ്ങിയവയും ഗൾഫ് നാടുകളിലും ഡൽഹിയിലും നവിമുംബൈയിലും ഔട്ട്ലെറ്റുകളും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ ഫ്യൂവലിംഗ് സ്റ്റേഷനും ഈ സാമ്പത്തികവർഷം ആരംഭിക്കുന്നുണ്ട്.

- പുതിയ ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് 700 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു.
- പുതിയതായി തുടങ്ങുന്ന മൊബൈൽ മാവേലിസ്റ്റോറുകൾക്ക് 140 ലക്ഷം രൂപ ആവശ്യമായിവരുമെന്ന് പ്രതീക്ഷിക്കുന്നു.
- കൂടുതൽ മാവേലിസ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കുകയും സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്ക് 285 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.
- കോർപ്പറേഷന്റെ പ്രവർത്തനം ഗൾഫ് നാടുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഡൽഹിയിലെ കേരള ഹൗസിലും നവിമുംബൈയിലും ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും 30 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു.
- കൂടുതൽ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനായി 30 കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

- വല്ലാർപാടം ടെർമിനൽ കണ്ടെയ്നറിൽ ആരംഭിക്കുന്ന ഫ്യൂവലിംഗ് സ്റ്റേഷൻ, എല്ലാ സപ്ലൈകോ വ്യാപാര കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, ഹെഡ് ഓഫീസുമായുള്ള ഓൺലൈൻ കണക്ടിവിറ്റി തുടങ്ങിയവയ്ക്കായി 845 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

24. ഖണ്ഡിക 23-ൽ പറഞ്ഞിട്ടുള്ള പുതിയ പദ്ധതികൾക്കെല്ലാമായി ചെലവ് വരുന്ന 5000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**അനൂപ് ജേക്കബ്,**

തിരുവനന്തപുരം,
2012 ജൂൺ11,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*